# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

**E mail: kauagmet@yahoo.co.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 09/17, വെള്ളിയാഴ്ച** **തീയ്യതി 03.03.2017**

**അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 04.03.2017 | 05.03.2017 | 06.03.2017 | 07.03.2017 | 08.03.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 2 |
| ഉയർന്ന താപനില (°C ) | 37 | 37 | 36 | 36 | 36 |
| കുറഞ്ഞ താപനില (°C ) | 26 | 26 | 25 | 25 | 25 |
| മേഘവ്യാപ്തി (ഒക്ട) | 3 | 3 | 3 | 3 | 3 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 45 | 45 | 50 | 50 | 50 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 008 | 008 | 008 | 008 | 008 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 160 | 160 | 200 | 200 | 200 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | നിലമൊരുക്കൽ മുതൽ പറിച്ചുനടീൽ വരെ | പുഞ്ചകൃഷി ചെയ്യാനുള്ള നിലങ്ങൾ ഉഴുതു ശരിയാക്കുക. 4-5 ഇല പ്രായത്തിൽ ഞാറ് പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഉണ്ടാകുകയില്ല. ഇതിന് ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം കൾച്ചർ എന്ന കണക്കിന് വെള്ളത്തിൽ കലക്കി സ്യൂഡോമോണാസ് ലായനി ഉണ്ടാക്കാം. |
| തെങ്ങ് | പരിചരണ മാർഗ്ഗങ്ങൾ | തെങ്ങിൻതടങ്ങളിൽ ഈർപ്പം നില നിർത്തുന്നതിന് പച്ചയോ, ഉണങ്ങിയതോ ആയ ചകിരി, ഇലകൾ, തെങ്ങോലകൾ എന്നിവ ഉപയോഗിച്ച് തടങ്ങളിൽ പുതയിടുക. തെങ്ങിന്റെ ഏറ്റവും താഴത്തെ ഒന്നോ രണ്ടോ ഓലകൾ വെട്ടിമാറ്റുക. തടിയിൽ ചൂടേൽക്കുന്നത് കുറയ്ക്കാൻ 2-3 മീറ്റർ ഉയരംവരെ ചുണ്ണാമ്പ് പൂശുക. മണ്ണിന്റെ താപനില ക്രമീകരിക്കാൻ ജൈവാംശം നിലനിർത്തുക. കണിക ജലസേചന രീതി വഴി നനയ്ക്കുക. |
| പച്ചക്കറികൾ | ജാസിഡ്, വെള്ളീച്ച | അന്തരീക്ഷ ഊഷ്മാവ് കൂടുതലായിരുന്നതിനാൽ വെള്ളീച്ച, ജാസിഡ് മുതലായ കീടങ്ങളുടെ ആക്രമണം കൂടാൻ സാധ്യതയുണ്ട്. ഇവ മൂലമുള്ള കുരുടിപ്പ് രോഗം നിയന്ത്രിക്കാനായി മഞ്ഞ ബോർഡിൽ ആവണക്കെണ്ണ തേച്ച് പച്ചക്കറികൾക്കിടയിൽ തൂക്കിയിടുക. |